63290/2017/Phq

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(എ ആർ 13) വകുപ്പ്

നമ്പർ. 353/എആർ13(2)/2017/ഉ.പ.ഭ.വ

തിരുവനന്തപുരം, തീയതി: 27/11/2017

## സർക്കുലർ

വിഷയം: സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും മുതിർന്ന പൗരന്മാർക്ക് ക്യൂവിൽ മുൻഗണന നല്കുന്നത് -നിർദ്ദേശം സംബന്ധിച്ച്.

സൂചന: 24/6/2015 ലെ 7995/എ.ആർ 13(2)/15/ ഉ.പ.ഭ.വ നമ്പർ സർക്കുലർ

സൂചന സർക്കുലർ പ്രകാരം സർക്കാർ ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്ക് വരുന്ന പൊതുജനങ്ങൾക്ക് മാന്യമായ പരിഗണയും പെരുമാറ്റവും ഉറപ്പ്, വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ പ്രായാധിക്യം മൂലം അവശത അനുഭവിക്കുന്ന മുതിർന്ന പൗരന്മാർക്ക് സർക്കാർ ഓഫീസുകളിൽ സാധാരണക്കാർക്കൊപ്പം തന്നെ വിവിധ ആവശ്യങ്ങൾക്ക ക്യൂവിൽ നിൽക്കേണ്ടിവരുന്നുവെന്നും , വേണ്ടത്ര പരിഗണന ലഭിക്കുന്നില്ലെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിനാൽ സർക്കാരാഫീസുകളിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്ന ശാരീരികാവശതയുള്ള മുതിർന്ന പൗരന്മാർക്ക് പ്രത്യേക പരിഗണന ഉറപ്പുവരുത്താനാവശ്യമായ നടപടികൾ അതാത് വകുപ്പുമേധാവികൾ / ഓഫീസ് തലവന്മാർ കൈക്കൊള്ളേണ്ടതും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ്.

**BISHWANATH SINHA IAS, PRL-SECY(P&ARD),**
**O/o Principal Secreatry (P&ARD)**

പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറിമാർക്കും / പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും / എല്ലാ സെക്രട്ടറിമാർക്കും

സെക്രട്ടേറിയേറ്റിലെ നിയമം , ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

എല്ലാ വകുപ്പ് മേധാവികൾക്കും / എല്ലാ ജില്ലാ കളക്ടർമാർക്കും / എല്ലാ ഓഫീസ് തലവന്മാർക്കും

പബ്ലിക് റിലേഷൻസ് ഡയറക്ടർ , തിരുവനന്തപുരം (അച്ചടി , ദൃശ്യമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന് )

കരുതൽ ഫയൽ / ഓഫീസ് കോപ്പി

മേലെഴുത്ത് നം. ഇ6-63290/17, തീയതി 28.12.17
സർക്കാർ സർക്കുലറിന്റെ പകർപ്പ് വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി APCCF(FMIS)